എം. എൽ. എ. റോഡുകളുടെ നിർമ്മാണച്ചെലവ്

1815 [2760] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം സ്ഥാനത്തെ എം. എൽ. എ മാർക്കുവേണ്ടി അനുവദിച്ച റോഡുകളുടെ നിർമ്മാണത്തിനു് മൊത്തം എന്തു തുക വേണ്ടിവരുമെന്നു് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര?

ഉത്തരം

(എ, ബി) ഭരണാനുമതി നൽകിയ 219 റോഡുകളുടെ നിർമ്മാണത്തിനായി ഏകദേശം 63 കോടി രൂപ വേണ്ടിവരുന്നതാണു്. എല്ലാ റോഡുകളുടെയും നിർമ്മാണത്തിനായി ഏകദേശം 100 കോടി രൂപ വേണ്ടിവരുമെന്നു് പ്രതീക്ഷിക്കുന്നു.

കുറ്റ്യാടി—മുള്ളൻകുന്നു് റോഡിന്റെ പണി

1816 [2763] ശ്രീ. കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി—മുള്ളൻകുന്നു റോഡിന്റെ പണി ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, പ്രസ്തുത റോഡ് ടെണ്ടർ ചെയ്തു പണി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഒറ്റപ്പാലം—മായന്നൂർ കോസ്വെ

1817 [2763] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്തേയും, തൃശ്ശൂർ ജില്ലയിലെ മായന്നൂരിനെയും ബന്ധിപ്പിക്കുന്ന ഒറ്റപ്പാലം—മായന്നൂർ കോസ്വെയുടെ ഡിസൈൻ തയ്യാറായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കോസ്വെയുടെ ആകെ നീളം എത്ര മീറ്റർ വരും;

(സി) ഈ കോസ്വെയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ;

(ഡി) ഈ എസ്റ്റിമേറ്റ് സർക്കാരിനു് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത കോസ്വെ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly